പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1820 04.12.2015 - ൽ മറുപടിയ്ക്ക്

## മിശ്രവിവാഹിതർക്ക് ധനസഹായം

ചോദ്യം

ശ്രീമതി. കെ.കെ.ലതിക

ഉത്തരം

ഡോ. എം.കെ. മുനീർ

(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മിശ്രവിവാഹിതർക്ക് എന്തെല്ലാം വിധത്തിലുള്ള ധനസഹായങ്ങളാണ് നൽകി വരുന്നത് എന്ന് വ്യക്തമാക്കുമോ ; | (എ) യും (ബി) യും | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടാത്ത മിശ്ര വിവാഹിതർക്കുള്ള വിവാഹ ധനസഹായം മാത്രമാണ് സാമൂഹ്യനീതി വകുപ്പ് വഴി നൽകി വരുന്നത്. 30,000/- രൂപ ഒറ്റത്തവണ ധനസഹായമായി മിശ്രവിവാഹിതർക്ക് അനുവദിക്കുന്നു. വിവാഹം കഴിഞ്ഞ് 1 വർഷം പൂർത്തിയാകുകയും 3 കൊല്ലം കഴിയാതിരിക്കുകയും ചെയ്യുന്ന ദമ്പതികൾക്ക് ധനസഹായത്തിന് അപേക്ഷിക്കാം. അപേക്ഷയോടൊപ്പം വില്ലേജ് ഓഫീസർ നൽകിയ ജാതിതെളിയിക്കുന്ന സർട്ടിഫിക്കറ്റ്, വരുമാനസർട്ടിഫിക്കറ്റ്, മിശ്ര വിവാഹം രജിസ്റ്റർ ചെയ്തത് സംബന്ധിച്ച് സബ് രജിസ്ട്രാർ, പഞ്ചായത്ത് പ്രസിഡന്റ്, ഗവൺമെന്റ് അംഗീകരിച്ച ഒരു മിശ്ര വിവാഹ സംഘടന, ഒരു ക്ഷേത്രത്തിലെ മാനേജർ അല്ലെങ്കിൽ ശ്രീകാര്യകാരൻ, കരയോഗം സെക്രട്ടറി, എസ്.എൻ.ഡി.പി ശാഖാ യോഗം സെക്രട്ടറി, പള്ളി അധികാരികൾ ഇവരിലാരെങ്കിലും ഒരാളിൽനിന്നുള്ള സർട്ടിഫിക്കറ്റ്, ദമ്പതികൾ കഴിഞ്ഞ ഒരു വർഷത്തിലധികമായി ഒരുമിച്ച് താമസിക്കുന്നു എന്നത് കാണിക്കുന്നത് സംബന്ധിച്ച് ഒരു ഗസറ്റഡ് ഉദ്യോഗസ്ഥനോ, എം.പി. എം.എൽ.എ യോ നൽകിയ ഒരു സർട്ടിഫിക്കറ്റ് എന്നിവയുൾപ്പെടെ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. 20.09.2015 മുതൽ മിശ്രവിവാഹധന സഹായാർഹതയ്ക്കുള്ള കുടുംബവാർഷിക വരുമാന പരിധി 50,000/- രൂപയായി നിശ്ചയിച്ചിട്ടുണ്ട്. |
| (ബി) | ഇവർക്ക് അനുവദിക്കുന്ന ധനസഹായം എത്രയാണെന്നും ധനസഹായം ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ ; | | |

| | | | |
|---|---|---|---|
| (സി) | പ്രസ്തുത സഹായധനം ലഭിക്കുന്നതിന് വരുമാന സർട്ടിഫിക്കറ്റ് സമർപ്പിക്കേണ്ടതുണ്ടോ എന്നും ഉണ്ടെങ്കിൽ ഭാര്യയും ഭർത്താവും സംയുക്തമായാണോ ഓരോ വ്യക്തികളായാണോ, സമർപ്പിക്കേണ്ടത് എന്നും വ്യക്തമാക്കാമോ ? | (സി) | ഉണ്ട്. ഭാര്യയും ഭർത്താവും സംയുക്തമായാണ് സമർപ്പിക്കേണ്ടത്. |

സെക്ഷൻ ഓഫീസർ